(സി) പഞ്ചായത്ത് ഡിപ്പാർട്ടുമെൻറിലെ എഴുത്തുകുത്തുകൾ കഴിയുന്നതും മലയാളത്തിലാക്കുന്നതിനുള്ള സാദ്ധ്യതകളുണ്ടോ എന്നു പരിശോധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സെക്രട്ടറിയേറ്റ് ഒഴിച്ചുള്ള ചില ആഫീസുകളിൽ ഇപ്പോൾത്തന്നെ മലയാളഭാഷയിൽ എഴുത്തുകുത്തുകൾ നടത്തിവരുന്നുണ്ട്.

(ബി) ഒരു പ്രത്യേക പരിശോധന ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

(സി) പഞ്ചായത്ത് ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾത്തന്നെ മലയാളത്തിൽ എഴുത്തുകുത്തുകൾ ധാരാളം നടത്തിവരുന്നുണ്ട്.

വിദ്യുച്ഛക്തി വിതരണം.

* 747. [35] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്ത് വിദ്യുച്ഛക്തി വിതരണം നടത്തുന്ന പ്രൈവറ്റ് ഏജൻസികൾ ഏതെല്ലാം;

(ബി) പ്രൈവറ്റ് ഏജൻസികളിൽനിന്നും ഇത് ഏറ്റെടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. വി. വേലായുധൻ):

(എ) Licensees.

1. കൊച്ചിൻസ്റ്റേറ്റ് പവർ ആൻഡ് ലൈറ്റ്കാർപ്പറേഷൻ, എറണാകുളം.
2. കൊച്ചിൻ ഇലക്ട്രിക്ക് കമ്പനി, മട്ടാഞ്ചേരി.
3. തൃശ്ശൂർ മുനിസിപ്പാലിറ്റി.
4. കോട്ടയം ഇലക്ട്രിക്ക് സപ്ലൈ ഏജൻസി.
5. ചെങ്കോട്ട ഇലക്ട്രിക്ക് സപ്ലൈ ഏജൻസി

Sanction Holders.

1. കണ്ണൻദേവൻഹിൽസ് പ്രോഡ്യൂസ് കമ്പനി, മൂന്നാർ.
2. ശ്രീ. കെ. അപ്പുമേനോൻ, ചേന്നമംഗലം.
3. കൊച്ചിൻ പോർട്ട് അതാറിറ്റി.

(ബി) വിദ്യുച്ഛക്തി വിതരണം ദേശവൽക്കരിക്കുന്നതു സംബന്ധിച്ച് ഒരു ബിൽ ഗവണ്മെൻറ് ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിച്ചു പാസ്സാക്കിയതിനു ശേഷം ക്രമേണ പ്രൈവറ്റ് ഏജൻസികളെല്ലാം ഏറ്റെടുക്കണമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly